## “കാറ്റ് വിതച്ചാൽ കൊടുങ്കാറ്റു കൊയ്യും.”

വിതക്കുന്നത് കാറ്റിനെയായാൽ കൊയ്തെടുക്കുന്നത് കൊടുങ്കാറ്റിനെയായിരിക്കും എന്നും പാഠഭേദം.

അറബിഭാഷയിൽ ഇങ്ങനെ പറയാറുണ്ട്: ചിരൽക്കല്ലുകളെ സൂക്ഷിക്കുക. അതിൽനിന്നാണ് വൻപർവതങ്ങൾ രൂപം കൊള്ളുന്നത്.”

വളരെ ലഘുവായ ചില ഹേതു മതിയാകും, സമൂഹത്തിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ. നാം മറ്റുള്ളവരെപ്പറ്റി പറഞ്ഞ ഒരു തമാശ, അല്ലെങ്കിൽ മറ്റുള്ളവരുടെ കാര്യത്തിൽ നടത്തിയ ഒരു സംശയ പ്രകടനം ഇതൊക്കെയാകാം പ്രശ്നങ്ങൾക്ക് കാരണം. ഏതായാലും വലിയ തകരാറുകൾക്ക് വലിയ കാരണങ്ങളൊന്നും വേണ്ടിവരില്ല.

നാം സ്വീകരിക്കുന്ന നിസ്സാര നടപടികളും ഇടപാടുകളുമൊക്കെ നമ്മുടെ ജീവിതത്തിൽ അവിസ്മരണീയമായ അനുഭവങ്ങളാകാറുണ്ട്.

ചിലരുണ്ട്. മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെട്ടിട്ടില്ലെങ്കിൽ അവർക്ക് പൊറുതി കിട്ടില്ല. അത്തരക്കാർ മാർക്കറ്റിലേക്ക് ഇറങ്ങുന്നതും കാത്ത് വേറെ പലരും അവിടെ ഇരിക്കുന്നുണ്ടാകും.

ആളുകളുടെ കാര്യത്തിൽ ഇടപെടുന്നത് ആരോഗ്യപരമായാൽ ആളുകളുമായുള്ള നമ്മുടെ ബന്ധവും അതുമുഖേന സാമൂഹ്യസ്ഥിതിയും ആരോഗ്യകരമായി മാറും.

സമൂഹത്തിൽ പ്രയാസങ്ങൾ ഉണ്ടാകാൻ നാം ഒരു നിമിത്തമാകരുത്. സൂക്ഷ്മത ജീവിതത്തിനാണ് ഏറെ ആവശ്യമായിട്ടുള്ളത്. കുഴപ്പമുണ്ടാക്കാൻ സൂക്ഷ്മതയുടെ ആവശ്യമില്ല.

നമ്മുടെ അഭിമാനം നാം തന്നെ കാത്തുസൂക്ഷിക്കുക. അത് മറ്റുള്ളവർ വകവെച്ചുതരണമെങ്കിൽ നാം അതിനനുസരിച്ച് ജീവിക്കണം. അനാവശ്യ ഇടപെടലുകൾ ഒഴിവാക്കുക, തെറ്റിധാരണകളും സംശയങ്ങളും വെച്ചുപുലർത്താതിരിക്കുക, മറ്റുള്ളവരുടെ ദൗർബല്യങ്ങൾ പൊറുത്തുകൊടുക്കുക, സ്നേഹവും ബഹുമാനവും ബന്ധങ്ങളുടെ മജ്ജയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക. നന്മയെ പ്രോത്സാഹിപ്പിക്കുക, തിന്മയെ സൂക്ഷിച്ച് കൈകാര്യം ചെയ്യുക. എടുത്തുചാട്ടം ഒരിക്കലും അരുത്. അസൂയ പാടെ വെടിയുക.

അതാണ് നാം കൂടുതൽ ആരോഗ്യത്തോടെയും ആയുസ്സോടെയും ഇരിക്കാൻ നല്ലത്.